(സി) ട്രാഫിക് അഡ്വൈസറി ബോർഡ് യോഗം വിളിച്ചുചേർക്കുന്നത് ജില്ലാ കളക്ടറുടെ നേതൃത്വത്തിലാണ്. പ്രസ്തുത യോഗത്തിൽ പോലീസ് ഓഫീസർമാർ പങ്കെടുക്കാറുണ്ട്.

(ഡി) അടുത്ത യോഗം 19-8-2004 വൈകുന്നേരം 3 മണിക്ക് കൂടാൻ തീരുമാനിച്ചിരിക്കുന്നു.

വിജിലൻസിന് ശുപാർശ ചെയ്ത പരാതികൾ

50 [2536] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പരാതികൾ വിജിലൻസിന് വിട്ടിട്ടുണ്ട് എന്നറിയിക്കാമോ; ആയതിൽ എത്ര എണ്ണത്തിൽ തീർപ്പായിട്ടുണ്ടെന്നും എത്രപേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ

51 [2537] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
" ടി. കെ. ബാലൻ:
" എം. വി. ജയരാജൻ:
" പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്ര;

(ബി) ഈ കേസ്സുകൾ ഏതെല്ലാം തരത്തിലുള്ളതാണെന്ന് തരം തിരിച്ച് വെളിപ്പെടുത്താമോ;

(സി) ഈ കേസ്സുകളിൽ പ്രതിചേർത്ത് സർവ്വീസിൽ നിന്നും പിരിച്ചുവിട്ട ഏതെങ്കിലും ഉദ്യോഗസ്ഥരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടോ;

(ഡി) അപ്രകാരം സർവ്വീസിൽ പ്രവേശിപ്പിച്ചവർ ഏതൊക്കെ കേസ്സിൽപ്പെട്ട വരാണെന്നും, അവരെ ജോലിയിൽ തിരികെ പ്രവേശിപ്പിച്ച സാഹചര്യവും വെളിപ്പെടുത്താമോ;

(ഇ) തീർപ്പാക്കാത്ത വിജിലൻസ് കേസ്സുകളുടെ പുരോഗതി വെളിപ്പെടുത്താമോ;?

LIBRARY ARCHIVES Kerala Legislative Assembly